# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2403** **18/02/2016-ൽ മറുപടിക്ക്**

### ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. പി.കെ.ബഷീർ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളും യുനാനി,സിദ്ധ ആശുപത്രികളും ആരംഭിച്ചിട്ടുണ്ടെന്നറിയിക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും, 77 സർക്കാർ ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. സിദ്ധ, യുനാനി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടില്ല. കൂടാതെ, നാഷണൽ ഹെൽത്ത് മിഷനുകീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ ? | (ബി) | ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br>ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ